പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2433. 18.07.2011-ൽ മറുപടിക്ക്

കുടിയേറ്റ തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യസംസ്ഥാനങ്ങളിൽ നിന്നും ധാരാളം തൊഴിലാളികൾ കുടിയേറുന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിശദാംശം സംബന്ധിച്ച എന്തെല്ലാം രേഖകൾ ആണ് തൊഴിൽ വകുപ്പിൽ സൂക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (എ) ഉണ്ട്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച് അന്തർ സംസ്ഥാന കുടിയേറ്റ നിയമ പ്രകാരം മുഖ്യതൊഴിലുടമ രജിസ്ട്രേഷനും കോൺട്രാക്ടർ ലൈസൻസും എടുക്കണമെന്ന് വ്യവസ്ഥയുണ്ട്. അപ്രകാരം നൽകുന്ന രജിസ്ട്രേഷനും ലൈസൻസും സംബന്ധിച്ച വിവരം ലേബർ കമ്മീഷണർ ഓഫീസിലും ജില്ലാ ലേബർ ഓഫീസുകളിലും സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) ധാരാളം അന്യസംസ്ഥാന തൊഴിലാളികൾ ഇടനിലക്കാരിൽ നിന്നും പലവിധ പീഡനങ്ങൾ അനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അത് ഇല്ലാതാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ/സ്ഥലങ്ങളിൽ പരിശോധന നടത്തി നിയമത്തിലും ചട്ടത്തിലും ഉള്ള വ്യവസ്ഥകൾ തൊഴിലുടമ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ ശ്രമിക്കുന്നുണ്ട്. നിയമ ലംഘനങ്ങൾ നടത്തുന്ന തൊഴിലുടമകൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) തൊഴിലുടമകൾ നൽകുന്ന വേതനം മുഴുവനായും അന്യസംസ്ഥാന തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (സി) തൊഴിലാളികൾക്ക് കേരളത്തിൽ നിലവിലുള്ള മിനിമം കൂലി ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവർ കേന്ദ്രീകരിച്ചിട്ടുള്ള മേഖലകളിൽ പരിശോധനകൾ നടത്താറുണ്ട്. അന്യസംസ്ഥാന തൊഴിലാളികളിൽ നിന്നും വിവരം ശേഖരിക്കുന്നതിന് |

അവരുടെ ഭാഷ അറിയാവുന്ന ഒരു സ്റ്റാഫിനെക്കൂടി സ്ക്വാഡ് പരിശോധനയിൽ ഉൾപ്പെടുത്താറുണ്ട്. ശമ്പളം കുറവാണെന്ന് കണ്ട കേസുകളിൽ പേയ്മെന്റ് ഓഫ് വേജസ് നിയമം 1936-ലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധന നടത്തുകയും കുടിശ്ശികയുൾപ്പെടെ തുക തൊഴിലാളികൾക്ക് വാങ്ങി കൊടുക്കാറുമുണ്ട്.

സെക്ഷൻ ഓഫീസർ